# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3920 20.07.2015-ൽ മറുപടി നൽകേണ്ടത്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശശി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിലയിരുത്തൽ റിപ്പോർട്ടിൻെറ പകർപ്പ് ലഭ്യമാക്കാമോ; | ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി മൂന്ന് സെന്റ് ഭൂമി വീതം പതിച്ച് കൊടുത്തുകൊണ്ട് കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015'. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് വേണ്ടി വിവിധ തലങ്ങളിൽ കൂടിയാലോചന നടത്തി വ്യക്തമായ മാനദണ്ഡങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കോടതി കേസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എതിർപ്പുകൾ, അനുവദിച്ച ഭൂമിയിൽ വീട് വയ്ക്കാൻ അനുയോജ്യമല്ലായെന്നുള്ള ആക്ഷേപങ്ങൾ ഉണ്ടായ ചുരുക്കം ചില കേസുകൾ എന്നിവ ഒഴിച്ചു നിർത്തിയാൽ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്കെല്ലാം പട്ടയവും ഭൂമിയും കൈമാറാൻ കഴിഞ്ഞിട്ടുണ്ട്. ഭൂമി കൈമാറാൻ കഴിയാത്ത കേസുകളിൽ രണ്ടാം ഘട്ടത്തിൽ പകരം ഭൂമി നൽകാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

<table>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതിപ്രകാരം ജില്ലകളിൽ ഏതെല്ലാം വില്ലേജുകളിൽ ഏതെല്ലാം സർവ്വേ നമ്പരുകളിൽ എത്ര ഏക്കർഭൂമി എത്ര കുടുംബങ്ങൾക്ക് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;</td><td rowspan="2">(ബി)യും (സി)യും<br>പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 36,491 കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ഭൂമി അനുവദിച്ചിരുന്നു. പാലക്കാട്, ഇടുക്കി, കണ്ണൂർ തിരുവനന്തപുരം ജില്ലകളിലെ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു:-
<table>
<tr><td>ജില്ല</td><td>ഗുണഭോക്താക്കളുടെ എണ്ണം</td></tr>
<tr><td>തിരുവനന്തപുരം</td><td>35847</td></tr>
<tr><td>ഇടുക്കി</td><td>9536</td></tr>
<tr><td>കണ്ണൂർ</td><td>11032</td></tr>
<tr><td>പാലക്കാട്</td><td>23696</td></tr>
</table>
ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ http://zerolandless.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>പാലക്കാട്, ഇടുക്കി, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലെ ഗുണഭോക്താക്കളുടെ പട്ടികലഭ്യമാക്കാമോ;</td></tr>
</table>

e.k.v.kunny

സെക്ഷൻ ഓഫീസർ